പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1346.

08.02.2013 ൽ മറുപടിക്ക്

**റേഷൻ കടകൾ വഴി 2 രൂപ നിക്കിലുള്ള അരി വിതരണ പദ്ധതി**

**ചോദ്യം**

**ഉത്തരം**

ശ്രീ. ബാബു എം. പാലിശ്ശേരി :

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

(എ) മുൻ സർക്കാരിന്റെ കാലത്ത് റേഷൻകടകൾ വഴി ആരംഭിച്ച 2 രൂപ നിരക്കിൽ അരി വിതരണം ചെയ്തിരുന്ന പദ്ധതി ഇപ്പോഴും നിലവിലുണ്ടോ ; എങ്കിൽ എത്ര കാർഡുടമകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്നു അറിയിക്കുമോ ;

(എ) 2 രൂപ നിരക്കിൽ അരി വിതരണം ഇപ്പോഴും നിലവിലുണ്ട്. നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 4220040 എ.പി.എൽ. കാർഡുടമകൾക്കാണ്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതിയിൽ പുതിയതായി എത്ര കുടുംബത്തെ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ;

(ബി) 2011 മെയ് 25 വരെയാണ് 2 രൂപ നിരക്കിൽ അരി വിതരണം ചെയ്തിരുന്ന പദ്ധതിയിൽ ഉൾപ്പെടുന്നതിന് അപേക്ഷ സ്വീകരിച്ചിരുന്നത്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഇപ്രകാരം സത്യവാങ്മൂലം നല്കിയ 45.39 ലക്ഷം എ.പി.എൽ. കുടുംബങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുകയുണ്ടായി. ഇതിനു ശേഷം നേരത്തെ സത്യവാങ്മൂലം നല്കിയിരുന്നവർ ഫോട്ടോ പതിച്ച സത്യവാങ്മൂലം നല്കണമെന്ന നിബന്ധന വയ്ക്കുകയുണ്ടായി. ഫോട്ടോ പതിച്ച പുതുക്കിയ സത്യവാങ്മൂലം നല്കുന്നതിന് 11.08.2011 വരെ സമയം അനുവദിയ്ക്കുകയുണ്ടായി. നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 4220040 എ.പി.എൽ. കാർഡുടമകൾക്കാണ്.

| | | | |
|---|---|---|---|
| (സി) | കൂടുതൽ പേരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ